'ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. തസ്തികകൾ'

20 (1488) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. സുജനപാൽ :
ശ്രീ. ടി. എച്ച്. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. തലത്തിൽ സംസ്ഥാനത്തുള്ള തസ്തികകളെത്രയാണ് ;

(ബി) ഇവയിൽ ഓരോയിനത്തിലുമുള്ള എക്സ്കേഡർ തസ്തികകൾ എത്ര ;

(സി) ഐ.പി.എസ്., ഐ.എഫ്.എസ്. എന്നീ സർവ്വീസുകളിൽപ്പെടുന്ന എത്രപേർ യഥാക്രമം പോലീസ് വകുപ്പിലോ, ഫോറസ്റ്റ് വകുപ്പിലോ അല്ലാതെ ജോലി ചെയ്യുന്നുണ്ട് ?

ഉത്തരം

(എ) സംസ്ഥാന കേഡറിൽ 178 ഐ.എ.എസ്. തസ്തികകളും 139 ഐ.പി.എസ്. തസ്തികകളും 94 ഐ.എഫ്.എസ്. തസ്തികകളുമാണ് നിലവിലുള്ളത്.

(ബി) ഇവയിൽ ഐ.എ.എസിൽ 36 എക്സ്കേഡർ തസ്തികകളും ഐ.പി.എസിൽ 11 എക്സ്കേഡർ തസ്തികകളും ഐ.എഫ്.എസിൽ 7 എക്സ്കേഡർ തസ്തികകളുമാണ് നിലവിലുള്ളത്.

(സി) ഐ.പി.എസിൽ 9-ഉം ഐ.എഫ്.എസിൽ 14-ഉം പേർ യഥാക്രമം പോലീസ് വകുപ്പിലോ, ഫോറസ്റ്റ് വകുപ്പിലോ അല്ലാതെ ജോലി ചെയ്യുന്നുണ്ട്.

ടൈപ്പിസ്റ്റ് തസ്തികയിലുള്ള ജീവനക്കാർക്ക് തസ്തികമാറ്റം നൽകുന്ന നടപടി

21 (1489) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റ് ടൈപ്പിസ്റ്റ് തസ്തികയിലുള്ള ജീവനക്കാർക്ക് തസ്തിക മാറ്റം വഴി അസിസ്റ്റന്റ് ഗ്രേഡ്-1 ആയി നിയമനം നൽകുന്നതിനുള്ള റൂൾസിൽ മാറ്റം വരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കുമോ ;

(ബി) കരട് ഭേദഗതി സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്തിട്ടുണ്ടോ ; അതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) റൂൾസിൽ മാറ്റം വരുത്തി ഉത്തരവിറക്കുന്നതിനുള്ള കാലതാമസത്തിന് കാരണം എന്താണ് ; പ്രസ്തുത റൂൾസിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ട് എത്ര കാലമായി എന്നു വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly